# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1700 — 22.3.2012-ൽ മറുപടിക്ക്.

### കൊച്ചിമെട്രോ, ബുള്ളറ്റ് ട്രെയിൻ എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്: | ശ്രീ. ഉമ്മൻ ചാണ്ടി<br>( ബഹു: മുഖ്യമന്ത്രി) |
| കൊച്ചി മെട്രോയുടെയും സർക്കാരിന്റെ പരിഗണനയിലുള്ള ബുള്ളറ്റ് ട്രെയിനിന്റെയും പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശാനുസരണം കൊച്ചി മെട്രോ റെയിൽ പദ്ധതി നടത്തിപ്പിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന സ്പെഷൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭഘട്ട നടപടികൾക്കായി 158.68 കോടി രൂപയുടെ പണികൾക്ക് അംഗീകാരം നല്കുകയും പ്രാരംഭഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. എറണാകുളം ജില്ലാ കളക്ടർ മുഖാന്തിരം സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുകയുമാണ്. പൊതു നിക്ഷേപക ബോർഡിന്റേയും, കേന്ദ്ര മന്ത്രിസഭയുടേയും അംഗീകാരമാണ് ഇനി ലഭിക്കാനുള്ളത്. 2012-13 സാമ്പത്തിക വർഷത്തേയ്ക്ക് കേന്ദ്ര ബഡ്ജറ്റിൽ കൊച്ചി മെട്രോ റെയിലിനു വേണ്ടി 60 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>തിരുവനന്തപുരവും, കാസർഗോഡും തമ്മിൽ ബന്ധിപ്പിക്കുന്ന അതിവേഗ റെയിൽപാത പദ്ധതിയ്ക്കായി സർക്കാർ കെ.എസ്.ഐ.ഡി.സി യെ നോഡൽ ഏജൻസിയായി നിയമിക്കുകയും പദ്ധതി രൂപപ്പെടുത്തുന്നതിനുള്ള ആദ്യ പടിയായി പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തുവാനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ (ഡി.എം.ആർ.സി) കെ. എസ് .ഐ. |

| | | | |
|---|---|---|---|
| | | | ഡി.സി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിനായി സർക്കാർ 'കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ്" എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. അതിവേഗ റെയിൽ പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികൾക്ക് മുകളിൽ പറഞ്ഞ കമ്പനി തുടക്കം കുറിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ